# ദിവ്യകാവ്യം

ടി. ഉബൈദ്

ഏതൊരു സംബുദ്ധികൊണ്ട,ത്ഭുത പ്രപഞ്ചമേ,
പൂതതവലംവയ്ക്കും നിന്നെ ഞാൻ വിളിക്കേണ്ടൂ?
ജയിപ്പൂ കിതാബുല്ലാ, ജയിപ്പൂ കിതാബുല്ലാ
ജയിപ്പൂ ഖുർആൻ, സർവ്വ ലോകൈക മണിദീപം!
വിജ്ഞാന സാഗരം നീ; സാഹിത്യ വസന്തം നീ;
വിശൈ്വക പ്രകാശം നീ; സന്മാർഗ ദർശകം നീ;
താവക മഹത്വത്തിൻ നിസ്തുലോന്നതി പാർത്തു
ദ്യോവിലെത്താരകങ്ങൾ വ്രീളയാൽ കണ്ണടപ്പൂ;
പരപ്പി,ലാഴത്തിലും നിന്നെ വെല്ലുവാൻ വയ്യെ–
ന്നറിഞ്ഞിട്ടാവാമൊഴി നെടുവീർപ്പിടുന്നല്ലോ;
അഥവാ, നിന്നോടൊപ്പം മുത്തുകളേകാൻ മേലാ–
തുദധി തിരക്കയ്യാൽ സമ്മതിക്കയോ സത്യം?
ഖനനം ചെയ്തെടുത്താരായിരമായിരം പേ–
രനർഘ രത്നാവലി നിന്നിൽനിന്നഭിജ്ഞന്മാർ;
എന്നിട്ടുമക്ഷയമായ് മണികൾ വിളയുന്നൂ
നിന്നിൽ മുമ്പടി വീണ്ടും കല്പാന്ത കാലത്തോളം.
ജയിപ്പൂ കിതാബുല്ലാ– ജയിപ്പൂ കിതാബുല്ലാ
ജയിപ്പൂ ലോകോത്തര സിദ്ധാന്ത പ്രബോധകം!
നിഷ്പ്രഭം നിന്നന്തികേ വിശ്വ സാഹിത്യം മുറ്റും
സുപ്രഭാതത്തിൻ മുന്നിൽ താരക രാശിപോലെ.
ഇരുളിൻ മക്കൾ വന്നാരൂതി പ്പൊലിപ്പാൻ, പക്ഷെ,
തിരിച്ചൂ നിങ്കൽ നിന്നും കത്തിച്ച വിളക്കുമായ്!
മന്നിലെ വിഖ്യാതരാം സാഹിതീ വീരന്മാരെ
യെന്നുമേവിളിപ്പൂ നീ നിന്നെ  വെല്ലുവാൻ നൂനം;
വന്നുചേർന്നവർ മുറ്റും സ്വകീയ പരാജയം
പൂർണ്ണമോതി സ്തുതിച്ചാർ താവക ദൈവികത്വം!
ഗദ്യം താനാകിലും നിൻ വാചന ദിവ്യാമൃതം
ബദ്ധവൈരികൾ പോലും കൊതിപ്പൂ സ്വദിക്കുവാൻ
ഭക്ത കോടികൾ നിത്യ മണവൂ തവാന്തികേ;
ഹൃത്തടം കാഴ്ചവെച്ചു പുൽകുന്നു പേർത്തും പേർത്തും;
ത്വൽത്തിരുവാചനത്താൽ ഹൃദയം വിറകൊണ്ടു
സത്യവിശ്വാസികൾക്കു നേത്രങ്ങൾ നിറയവേ,
സ്രഷ്ടാവിൻ സന്നിധിയിൽ— തദീയ കാരുണ്യമേ–
സാഷ്ടാംഗം നമിക്കുന്നൂ ചകിത ചർമ്മരായും.
ജയിപ്പൂ കിതാബുല്ലാ, ജയിപ്പൂ കിതാബുല്ലാ,
ജയിപ്പൂ പുണ്യവേദ, ജയിപ്പൂ കിതാബുല്ല,
ജയിപ്പൂ പുണ്യവേദ, മഭൗമനിർവൃതിദം!
വിജ്ഞാനവിഭാതത്തിൻ കവാടം തുറന്നൂ നീ–
യജ്ഞതക്കൂരിരുട്ടിൽ ഭുവനം വിലപിക്കെ;
ദാഹിച്ചു വലഞ്ഞൊരു പാരിനു ദിവ്യാമൃത–
വാഹിയായല്ലോ നീയിങ്ങവതീർണ്ണമായ് വന്നൂ;
അസത്യം ബലാത്കാരാൽ വ്യഭിചരിച്ചീടവേ
വശം കെട്ടഴുതൊരു സത്യത്തെ രക്ഷിച്ചു നീ.
ദൌഷ്ട്യത്തിൻ തേർവാഴ്ച്ചയിൽ ഞെരിഞ്ഞുപിടയുന്ന
ശിഷ്ടത വിമുക്തയായ് നിൻപുണ്യകരങ്ങളാൽ;
നാസ്തിക്യ, ബഹുദൈവ വിശ്വാസ കണ്ടകങ്ങൾ
സുസ്ഥിരം ജനഹൃദയത്തിൽ പടർന്നു വളരവെ
യുക്തിതൻ പാണികളാൽ പറിച്ചങ്ങെറിഞ്ഞു നീ
സത്യമേ വിതച്ചല്ലോ തൗഹീദിൻ വിത്തെമ്പാടും
ജയിപ്പൂ കിതാബുല്ലാ, ജയിപ്പൂ കിതാബുല്ലാ,
ജയിപ്പൂ ഫുർഖാൻ– ധർമ്മാധർമ്മ സംവിവേചകം!
മൃഗീയ ജീവിതത്തിൽ മേന്മയെ നടിച്ചോരെ–
ജ്ജഗത്തിന്നാചാര്യരായ് മാറ്റി നീ യെന്തത്ഭുതം!
താവക വരുതിയാൽ മന്നിടം കണികണ്ടൂ
ശ്രീവായ്ക്കും പ്രജായത്ത ഭരണം പ്രയോഗത്തിൽ!
ഏക ലോകത്വ, മേക സമുദായത്വ പ്പൊരു–
ളേകി നീ കാണില്ലല്ലോ തദീയ സാക്ഷാദ്രൂപം;
ശാസ്ത്രീയ പ്രവചനം നീയുരച്ചതോരോന്നും
സത്യമായ് പുലരുന്നൂ കാലാനുഗതിയ്ക്കൊപ്പം;
ഘോരമാം പാരതന്ത്ര്യച്ചെന്തീയിലെറിഞ്ഞോരാം
നാരിമാരടിമകൾ, പാതിത്യമാർന്നോർ മുറ്റും
സ്വച്ഛശീതളമാം നിൻ വിസ്തീർണതടാകത്തിൽ
സ്വച്ഛന്ദമതാ നീന്തിത്തുടിപ്പൂ തുഷ്ടരായി.
കുല മാഹാത്മ്യ, മുച്ചനീചത്വമേവം ചൊല്ലി–
ക്കലഹിച്ചോരാകിയ കിരാത ജനങ്ങളെ
അമൂല്യ രത്നഹാരമെന്നപോലിണക്കി നീ
സമത്വ സാഹോദര്യപ്പൊന്നൂലിലതി ശീഘ്രം.
ജയിപ്പൂ കിതാബുല്ലാ:, ജയിപ്പൂ കിതാബുല്ലാ,
ജയിപ്പൂ സജ്ജനൌഘ സംശാന്തി പ്രദായകം!
പ്രളയ കാലത്തോളം പ്രകാശം തൂവും നിന്നെ
വിളിപ്പൂ പഴഞ്ചനെന്നവിവേകിത പൂണ്ടോന്മാർ;
ജംബുക വൃന്ദം കൂക്കി വിളിപ്പൂ പുരാതന
വെണ്മതിപൂപ്പുഞ്ചിരി പൊഴിച്ചങ്ങുയരുമ്പോൾ;
പൊങ്ങിടും പഴഞ്ചനാം സൂര്യനെപ്പഴിക്കുന്നൂ
മൂങ്ങകൾ–അവറ്റയ്ക്കു വൻ തമസ്സല്ലോ പ്രേഷ്ഠം!
രക്ഷയെങ്ങുവാൻ ഹന്ത! മാനവ വംശത്തിന്നു
മോക്ഷമെങ്ങു നിൻ മാർഗദർശനം ലഭിക്കായ്കിൽ?
ദൈവാവതീർണ്ണം നീ താൻ ദൈവ രക്ഷിതം; തവ–
പാർശ്വങ്ങൾ ഭദ്രമല്ലോ കയ്യേറ്റങ്ങളിൽ നിന്നും;
വാരുറ്റ ചന്ദ്രമസ്സേ, ശ്വാക്കൂട്ടം കുരക്കട്ടെ,
കാരവാൻ തുടർന്നിടും യാത്രനിൻ പാലൊളിയിൽ
ജയിപ്പൂ കിതാബുല്ലാ, ജയിപ്പൂ കിതാബുല്ലാ,
ജയിപ്പൂ പൂർവ്വ വേദ പൂരകം സർവ്വോൽകൃഷ്ടം!
ആഴികൾ മഷിയായി, ദ്യോവുകൾ താളുകളാ
യൂഴിയിലെ ദ്രുമങ്ങൾ മുറ്റുമേ പേനകളായ്
പരിണമിച്ചിഹ മർത്ത്യർ, ജിൻകളും ശ്രമിക്കിലും
കുറിച്ചു തീരില്ലല്ലോ തെല്ലുമേ നിൻ മഹത്വം!
തനതു ജീവിതത്താൽ നിൻ പൊരുൾ വ്യാഖ്യാനിച്ചോ–
നനഘാത്മാവാമന്ത്യ പ്രവാചകന്മേൽ നിത്യം
വർഷിച്ചിടാവൂ ദൈവകാരുണ്യ ശാന്തിപൂരം
വന്ദ്യനാം നബിയ്ക്കെന്നും കൃതജ്ഞരല്ലോ ഞങ്ങൾ.
ജയിപ്പൂ കിതാബുല്ലാ, ജയിപ്പൂ കിതാബുല്ലാ
ജയിപ്പൂ നബി ഞങ്ങൾക്കേകിന ദിവ്യകാവ്യം!

●